©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 മേയ് 25<br>25th May 2021<br>1196 ഇടവം 11<br>11th Idavam 1196<br>1943 ജ്യേഷ്ഠം 4<br>4th Jyaishta 1943 | നമ്പർ<br>No. | 21 |

# PART III

# Fisheries Department

ദർഘാസ് പരസ്യം

നമ്പർ സി2–27/2021–22. 2021 മേയ് 24.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കവിയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറയിലെ മത്സ്യോത്പാദന പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി ഫാമിന്റെ കിഴക്ക് ഭാഗത്ത് 5 സ്റ്റോക്കിംഗ് കുളങ്ങൾക്കും 9 നഴ്സറി കുളങ്ങൾക്കുമായി റാപ്പിഡ് സാൻഡ് ഫിൽട്രേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ, കവിയൂർ പി. ഒ., പത്തനംതിട്ട, പിൻ-689 582 എന്ന വിലാസത്തിൽ നിന്നും നേരിട്ടോ തപാൽമാർഗ്ഗമോ വാങ്ങാവുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വിലയായ ₹ 1,180 (Including 18% GST) ഡ്യൂപ്ലിക്കേറ്റ് ഫോറത്തിന്റെ വില ₹ 500 എന്നിങ്ങനെ നൽകേണ്ടതാണ്. അടങ്കൽ തുകയുടെ 1% നിരതദ്രവ്യം ഇനത്തിൽ ടെൻഡറിനോടൊപ്പം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറ, കവിയൂർ പി. ഒ., തിരുവല്ല എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 2021 ജൂൺ മാസം 8-ാം തീയതി പകൽ 4 മണി വരെയായിരിക്കും. അന്നേ ദിവസം പകൽ 4.30-ന് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമാണ്.

30 cmd/hv Rapid sand, Rapid Turbid Removal filter 3 ph 3 hp filter feeding Recirculating pump filter എന്നിവ എല്ലാ നികുതിയും, പ്ലംബിംഗ് ചാർജ്ജ്, ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള വില പ്രത്യേകമായി കാട്ട് ചെയ്യേണ്ടതാണ്.

ദർഘാസ് തുറക്കുന്ന സമയത്ത് അപ്പോൾ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്നതും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ ടെൻഡർ താല്ക്കാലികമായി അംഗീകരിക്കുന്നതുമാണ്. അംഗീകരിച്ച വ്യക്തി/സ്ഥാപനം നിരതദ്രവ്യം 1%-വും അടങ്കൽ തുകയുടെ 4%-വും ചേർത്ത് ആകെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റുമായി അടയ്ക്കേണ്ടതുമാണ്.

ടി സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. കാലാവധി പൂർത്തിയായതിനു ശേഷമേ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്കിയ തുക കേരള സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിബന്ധനകൾക്ക് വിധേയമായി തിരികെ നൽകുകയുള്ളൂ. ടി ദർഘാസ് ഫിഷറീസ് ഡയറക്ടറുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അന്തിമമായി ഉറപ്പിക്കുന്നതുമായിരിക്കും.

ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ടെൻഡറുകൾ സർക്കാരിന്റെ എല്ലാ നിബന്ധനകൾക്കും വിധേയമാണ്. കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. ഫോൺ–0469 2968543.

SPECIFICATION

30 cmd/hv Rapid Sand, Filter, Rapid Turbid Removal filter 3 ph 3 hp filter feeding Recirculating pump system installation PVC fittings and installation.

ഫിഷറീസ് അസിസ്റ്റന്റ്
ഡയറക്ടറുടെ കാര്യാലയം,
നാഷണൽ ഫിഷ് സീഡ് ഫാം, (ഒപ്പ്)
പോളച്ചിറ, കവിയൂർ. ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ.



Salim A
Digitally signed by Salim A
Date: 2021.07.09 16:28:22
+05'30'